സേവനങ്ങളും സാധാരണക്കാരായ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയാണ് പീപ്പിൾസ് ബസാറുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. സബ്സിഡി നിരക്കുള്ള 13 ഇനം അവശ്യസാധനങ്ങൾക്കും, മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമെ പച്ചക്കറികളും, മറ്റ് ഉപഭോക്തൃ ത്പാൽപര്യ ഉൽപ്പന്നങ്ങളും, മിൽമ, കയർ ബോർഡ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യാ തുടങ്ങിയ സർക്കാർ കമ്പനികളുടേതുൾപ്പെടെ, ഒരു കുടുംബത്തിനാവശ്യമായ വിവിധ ബ്രാന്റുകളിലുള്ള എല്ലാ ഉൽപ്പന്നങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക വഴി ഉപഭോക്താക്കൾക്ക് മികച്ച സാധനങ്ങൾ യഥേഷ്ടം തിരഞ്ഞെടുക്കാൻ സാധിക്കുന്നു. ആധുനിക സൗകര്യങ്ങളോടു കൂടിയ റാക്കുകൾ, ബില്ലിംഗ് രീതികൾ, ട്രോളികൾ എന്നിവയ്ക്ക് പുറമേ എല്ലാ സാധനങ്ങളും സ്വയം പരിശോധിച്ചു ബോധ്യപ്പെട്ടു തൃപ്തിയായി തിരഞ്ഞെടുക്കാനുള്ള സൗകര്യങ്ങളും പീപ്പിൾസ് ബസാറുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നു.

സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷകൾ

24(*414) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ പരീക്ഷകൾക്ക് കേരള പൊതുപരീക്ഷാ ബോർഡിന്റെ പത്താംതരം യോഗ്യതയുടെ തുല്യമായ അർഹത കണക്കാക്കുന്നുണ്ടെങ്കിലും പി.എസ്.സി.-യുടെ അംഗീകാരമില്ലാത്തതിനാൽ മത്സര പരീക്ഷകൾക്ക് പങ്കെടുക്കുന്നതിനും ജോലി കരസ്ഥമാക്കുന്നതിനും സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള സാക്ഷരതാ മിഷൻ നടത്തുന്ന പത്താം തരം തുല്യതാ പരീക്ഷകൾക്ക് പി.എസ്.സി.-യുടെ അംഗീകാരം ലഭ്യമാക്കുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ,

(എ) ഉണ്ട്.

(ബി) കേരള സാക്ഷരതാ മിഷൻ നടത്തുന്ന പത്താംതരം തുല്യതാ പരീക്ഷകൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭ്യമാക്കണമെന്ന് പി.എസ്.സി.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly